പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 389 07/01/2014- ൽ മറുപടിക്ക്

# ടെണ്ടർ ചെയ്ത ജലവൈദ്യുത പദ്ധതികൾ

ചോദ്യം

ശ്രീ.എ.എം.ആരിഫ്

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി ബോർഡ് ടെണ്ടർ ചെയ്ത ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്;ഓരോ ന്നിന്റെയും ഇലക്ട്രിക്കൽ/സിവിൽ നിർമ്മാണ ചെലവ് എത്ര; ടെണ്ടറിലൂടെ ഓരോ പ്രവൃത്തിക്കും കരാർ വെച്ചത് ഏതെല്ലാം കോൺട്രാക്ടർമാരുമായിട്ടാണ്;

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഭൂതത്താൻകെട്ട് SHEP (24 MW) ന്റെ സിവിൽ ജോലികൾ ഇ-ടെണ്ടർ ചെയ്തു. ഇ- ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 31/12/2013 ആയിരുന്നു. ഇതിന്റെ പ്രീ ക്വാളിഫിക്കേഷൻ ബിഡ് തുറക്കുന്ന തീയതി 03/01/2014 ആണ്. പ്രീ- ക്വാളിഫൈ ചെയ്യുന്നവരുടെ പ്രൈസ് ബിഡ് 17/01/2014 - ൽ ആണ് തുറക്കുന്നത്. സിവിൽ ജോലികളുടെ നിർമ്മാണ ചെലവ് 106 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ദർഘാസുകൾ തുറന്നിട്ടില്ലാത്തതിനാൽ കരാർ ആയിട്ടില്ല.

(ബി) കോൺട്രാക്ട് പ്രകാരം ഓരോ പ്രവർത്തിയും കമ്മീഷൻ ചെയ്യേണ്ട തീയതി ഏതാണ്; ഓരോന്നും എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്; എന്നു തുക വീതം ബോർഡ് ചെലവഴിച്ചു ;

(ബി) ടെണ്ടർ നടപടികൾ 31/01/2014-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇപ്പോഴത്തെ ടെണ്ടർ അനുസരിച്ച് പദ്ധതി 30/01/2016-ൽ പൂർത്തീയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ടെണ്ടർ ചെയ്തിരുന്ന ജലവൈദ്യുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എത്ര ശതമാനം പണി പൂർത്തിയായിട്ടുണ്ടെന്നും; ഇതിനകം കമ്മീഷൻ ചെയ്തവ ഏതൊക്കെയാണെന്നും അവശേഷിക്കുന്നവ ഏതെല്ലാം തീയതികളിൽ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമാക്കുമോ?

(സി) മുൻ സർക്കാരിന്റെ കാലത്ത് ടെണ്ടർ ചെയ്തിരുന്ന ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 389

| | | | |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 MW | 12-2004-ൽ ടെണ്ടർ ചെയ്തിരുന്നു. 75% പണികൾ പൂർത്തിയായി • ഡിസംബർ 2015-ൽ പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. |
| 2. | പൂഴിത്തോട് | 4.8 MW | 19.02.2011-ൽ കമ്മീഷൻ ചെയ്തു. |
| 3 | റാന്നി-പെരുനാട് | 4 MW | 16.02.2012-ൽ കമ്മീഷൻ ചെയ്തു. |
| 4 | പീച്ചി | 1.25 MW | 07.01.2013-ൽ കമ്മീഷൻ ചെയ്തു. |
| 5 | ചെങ്കുളം ഓഗ്മെന്റേഷൻ | -85 MU | 45% പണികൾ പൂർത്തിയായി • മേയ് 2015-ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 6 | തൊട്ടിയാർ | 40 MW | 28% പണികൾ പൂർത്തിയായി • നവംബർ 2015-ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 7 | വിലങ്ങാട് | 7.5 MW | 86% പണികൾ പൂർത്തിയായി • ജൂൺ 2014-ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 8 | ചാത്തൻകോട്ടുനട | 6 MW | 14.5% പണികൾ പൂർത്തിയായി • ആഗസ്റ്റ് 2014-ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 9 | ബാരപ്പോൾ | 15 MW | 63% പണികൾ പൂർത്തിയായി • ആഗസ്റ്റ് 2014-ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 10 | പെരുന്തേനരുവി | 6 MW | 20.5% പണികൾ പൂർത്തിയായി • മാർച്ച് 2015 - ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |

5

| | | | |
|---|---|---|---|
| 11 | കക്കയം | 3 MW | 52 %പണികൾ പൂർത്തിയായി , മേയ് 2015-ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 12 | വെള്ളത്തുവൽ | 3.6 MW | 3.5 %പണികൾ പൂർത്തിയായി•ഫെബ്രുവരി 2015-ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 13 | ആഡ്യൻപ്പാറ | 3.5 MW | 4 %പണികൾ പൂർത്തിയായി ,ജനുവരി 2015-ൽ പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| 14 | ചിമ്മിനി | 2.5 MW | 36.1 %പണികൾ പൂർത്തിയായി • ഡിസംബർ 2014-ൽ കമ്മീഷൻ ലക്ഷ്യമിടുന്നു. |
| 15 | ആനക്കയം | 7.5 MW | കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിക്കാത്ത-തിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 16 | പൊരിങ്ങൽക്കുത്ത് | 24 MW | |
| 17 | മാങ്കുളം | 40 MW | ഭൂമി ഏറ്റെടുക്കൽ പൂർത്തികരിക്കാത്തതിനാൽ ടെൻഡർ റദ്ദാക്കി. ഭൂമി ഏറ്റെടുത്ത ശേഷം റീ-ടെൻഡർ ചെയ്യുന്നതാണ്. |

3/1/14

സെക്ഷൻ ഓഫീസർ